**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **12-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കുന്നതിനും അവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കുന്നതിനും അവരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ ഒരു മുഖ്യഘടകമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രോജക്റ്റ് അധിഷ്ഠിത പച്ചക്കറി കൃഷി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി ഘടകപ്രകാരം വിദ്യാർത്ഥികളിൽ കൃഷി സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളപ്പിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി കുറഞ്ഞത് 30 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യേണ്ടതാണ്. 1 ഏക്കർ വിസ്തൃതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരമാവധി 1 ലക്ഷം രൂപ ധനസഹായം നൽകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തി 91 സ്കൂൾ/ കോളേജുകളിൽ സ്ഥാപനങ്ങളിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കി.<br><br>കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും., സുരക്ഷിത പച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും, ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും സാധ്യമാകുന്നു.<br><br>സ്കൂൾ/കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വളർത്തുന്നതിന്റെ ഭാഗമായി മികച്ച രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന വിദ്യാലയങ്ങൾക്കും സ്കൂൾ/ |

കോളേജ് വിദ്യാർത്ഥികൾക്കും അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകി കൃഷി വകുപ്പ് ആദരിച്ചു വരുന്നു. പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷി വകുപ്പും, വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പോഷകത്തോട്ടം, സ്കൂൾ പച്ചക്കറിത്തോട്ടം തുടങ്ങിയവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ സങ്കരയിനം ഉൾപ്പെടെയുള്ള വിവിധ ഇനം പച്ചക്കറി വിത്ത്, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് വിതരണം നടത്തി വരുന്നു. കൂടാതെ പോഷകഗുണവും, വിഷരഹിതവുമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെട്ട വിളകളുടെ പരിപാലന രീതികളെ കുറിച്ചും സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1. വിദ്യാലയങ്ങളിൽ അഗ്രി കേഡറ്റ് ക്രോപ്പ്സ്, കാർഷിക ക്ലബ്ബുകൾ തുടങ്ങിയവ രൂപീകരിച്ച് ആരോഗ്യ സംരക്ഷണവും, പോഷക പ്രാധാന്യവും എന്ന വിഷയത്തിൽ പഠന ക്ലാസ്സുകൾ, (പോഷകത്തോട്ടം നിർമ്മിക്കൽ, പോഷക തളിക, ചെറുധാന്യങ്ങളുടെ ഉപയോഗം, ചെറുധാന്യങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷണ ചേരുവകൾ) എക്സിബിഷനുകൾ, വിജ്ഞാന സദസ്സ് എന്നിവ സംഘടിപ്പിക്കുക.
2. സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ കാർഷികാഭിരുചി വർദ്ധിപ്പിക്കുന്നതിനും സുരക്ഷിതവും, പോഷക സമൃദ്ധവുമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്യാമ്പയിനുകൾ (Nutrition education) സംഘടിപ്പിക്കുക.
3. കാർഷിക പരിശീലന കളരികൾ, നൂതന കൃഷി സങ്കേതങ്ങളുടെ പരിചയപ്പെടുത്തൽ കാർഷിക കലോത്സവങ്ങൾ, വിജ്ഞാന

| | | | |
|---|---|---|---|
| | | | സദസ്സുകൾ, വിദ്യാർത്ഥികളുടെ കാർഷിക കണ്ടുപിടിത്തങ്ങൾ അവതരിപ്പിക്കാൻ കൃഷി ശാസ്ത്ര- സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക.<br>4. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കു ചുറ്റുമുള്ള സ്ഥലം ഉപയോഗപ്പെടുത്തി ("പെരിമീറ്റർ കൃഷി") ചെടിച്ചട്ടികൾ, പന്തൽ ഇനങ്ങൾ തുടങ്ങിയ കൃഷി ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളിൽ ശാരീരികവും മാനസ്സികവുമായ വളർച്ച കൈവരിക്കാനുള്ള നടപടികൾ എന്നിവ സ്വീകരിക്കുക.<br>5. കലാലയ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കുമുള്ള പരിശീലന പരിപാടികൾ കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുക.<br>6. എല്ലാ വിദ്യാലയങ്ങളിലും പോഷകത്തോട്ടങ്ങൾ രൂപകൽപ്പന ചെയ്ത് പി.റ്റി.എ. യുടെ സഹായത്തോടെ നടപ്പിലാക്കുക. അതിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിദ്യാലയങ്ങളുടെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുക.<br>7. ആഴ്ചയിലൊരിക്കൽ കുട്ടികൾ വീട്ടിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണനം ചെയ്യാനായി സ്കൂളുകളിൽ സൗകര്യം ഒരുക്കുക<br>8. ശാസ്ത്രീയ-കാർഷിക ക്ലബ്ബുകൾ, വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്, പ്രോജക്ടുകൾ, മാതൃകാ വില്ലേജ് പ്രോജക്ടുകൾ എന്നിവയിലൂടെ കൃഷിയെ ഒരു co-curricular activity ആയി ഉൾപ്പെടുത്തി നടപ്പിലാക്കുക. |
| (ബി) | കൃഷിയിൽ തൽപ്പരരായ വിദ്യാർത്ഥികൾക്ക് കൃഷി ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കൃഷിയിൽ തൽപ്പരരായ വിദ്യാർത്ഥികൾക്ക് കൃഷി ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം പ്രോത്സാഹനം നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് തങ്ങളുടെ വീട്ടുവളപ്പിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിനായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ - മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമപ്ലാവ്, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡി നിരക്കിൽ നൽകി വരുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവയും നൽകുന്നു. കൂടാതെ സങ്കരയിനം ഉൾപ്പെടെയുള്ള പച്ചക്കറി വിത്ത്, തൈ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവയും പൂർണ്ണമായും സൗജന്യമായി |

| | | | |
|---|---|---|---|
| | | | വിതരണം നൽകി വരുന്നു. നഗര പ്രദേശങ്ങളിൽ സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കായി 25 മൺചട്ടി/HDPE ചട്ടികളും പച്ചക്കറി തൈകളും അടങ്ങിയ ഒരു യൂണിറ്റിന് (ഒരു യൂണിറ്റിന്റെ വില 5000 രൂപ) 75% സബ്സിഡി നിരക്കിൽ ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ